കിഴക്കുമ്പാടം പ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി

1183. [1788] ശ്രീ. ഒ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബേപ്പൂർ പഞ്ചായത്തിലെ കിഴക്കുംപാടം പ്രദേശത്ത് ശുദ്ധജലം ലഭ്യമല്ലാത്തതുമൂലം അവിടത്തെ നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് ശുദ്ധജലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മണ്ണൊലിപ്പു തടയലും ഇറിഗേഷൻ പദ്ധതികളും

1184. [1789] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പശ്ചിമഘട്ട വികസന പദ്ധതിയിൽപ്പെടുത്തി മണ്ണൊലിപ്പ് തടയാനും ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുമായി ഏതെല്ലാം പദ്ധതികളാണ് കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പാക്കി വരുന്നത് കോളയാട് വാട്ടർ ഷെഡ് പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ട മണ്ണു സംരക്ഷണ ജോലികൾക്ക് 7.34 ലക്ഷം രൂപയും ചെറുകിട ജലസേചനത്തിന് 2.85 ലക്ഷം രൂപയുമാണ് ഏഴാം പദ്ധതിക്കാലത്തേക്ക് വകകൊള്ളിച്ചിട്ടുള്ളത്.

കണ്ണൂർ ജില്ലയിലെ സാമൂഹ്യ ജലസേചന പദ്ധതിക്ക് നീക്കിവച്ച തുക

1185. [1790] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതിയിൽ കണ്ണൂർ ജില്ലയ്ക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണ് ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) ഇതുവരെ ജില്ല തിരിച്ച് തുക നീക്കിവച്ചിട്ടില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സർവ്വേ നടന്നുകൊണ്ടിരിക്കയാണ്. നടപ്പിലാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly